കാരൂർ സോമൻ

കവിത



# ഭൂമിക്കുവേണ്ടി ഒരു വിലാപം

നഷ്ടപ്പെട്ടവന് ഒന്നും നോക്കാനില്ല,
യാതൊന്നും- പ്രണയം പോലും!
നടക്കാനുള്ള അവകാശമില്ലാത്തവന്
കാലെന്തിന്? കാൽപ്പാദമെന്തിന്?
സൗഹൃദത്തിന് കൈകൊടുക്കാൻ
സൗഹൃദമില്ലെങ്കിൽ പിന്നെ നിന്റെ
ഹൃദയത്തിന് എന്തുവില?
പ്രണയത്തിന് എന്തുവില?

ഓരോ ദിശയിലും കാവലാൾ
ഞാൻ നടക്കുന്ന വഴിക്ക് വിലപറയുമ്പോൾ
ഓരോ വാക്കിലും ഈർച്ചവാൾ
എന്റെ പിൻപാതയിൽ വേലിക്കെട്ടുന്നോർ
കെട്ടഴിച്ചുവിടുന്ന പേനായ്
എന്റെ പ്രണയത്തിനു നേരെ കുരച്ചുചാടുന്നു

ആറടിമണ്ണ്, അവകാശമെന്നേ
അളന്നെടുത്തവർ- എന്റെ
മുഗ്ധലാവണ്യത്തിനു നേരെ
തീ ബോംബെറിയുന്നു
പ്രണയത്തിനു തീ കൊളുത്തുന്നു
ജീവന് നേരെ അണക്കെട്ട് തുറക്കുന്നു
പെരുവിരലിൽ മുളകരച്ച് കെട്ടുന്നു
കാലിലൊരു ആണിയടിച്ചിറക്കുന്നു
നെഞ്ചിലേക്ക് കാഞ്ചിവലിക്കുന്നു
ഉന്നംതെറ്റാതിരിക്കാൻ ഊറിച്ചിരിക്കുന്നു.

ജനിച്ചമണ്ണെൻ പ്രേമഭൂമി
അവകാശമറ്റപ്പോൾ അനാഥഭൂമി